# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1957 17.03.2015-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് ആക്രമണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ രാജു എബ്രഹാം | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആക്രമണത്തിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതൊക്കെ സ്റ്റേഷൻ അതിർത്തികളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് ; | (എ) ഉണ്ട്.<br>സംസ്ഥാനത്ത് മാവോയിസ്റ്റ് സംഘടനയുടെ പേരിൽ 13 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 13 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ ടൗൺ സൗത്ത്, കളമശ്ശേരി, പാലക്കാട് ജില്ലയിലെ കസബ, അഗളി, കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലം, വയനാട് ജില്ലയിലെ വെള്ളമുണ്ട, തിരുനെല്ലി, കണ്ണൂർ ജില്ലയിലെ കേളകം എന്നീ പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) മാവോയിസ്റ്റ് ആക്രമണത്തെ ചെറുക്കാൻ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ ; | (ബി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടു കൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകരപ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാ ഭീഷണിയും നേരിടുന്നതിനു സംസ്ഥാന പോലീസിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് നടപടി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (സി) ശബരിമല വനമേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) ശബരിമല വനമേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ